(ബി) ഏറ്റെടുത്ത റോഡുകൾ അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തി സഞ്ചാരയോഗ്യമാക്കുന്നതിനും മുമ്പ് പൊതുമരാമത്ത് വകുപ്പ് അറ്റകുറ്റപ്പണികൾ നടത്തി വന്നിരുന്ന തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ "one time maintenance"-ൽ പ്പെടുത്തി അറ്റകുറ്റപ്പണികൾ നടത്തി സഞ്ചാരയോഗ്യമാക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്.

ജലഅതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

10 (*70) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജല അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി രൂപീകരിച്ച മാനേജ്മെന്റിന്റെയും ജീവനക്കാരുടെയും പ്രതിനിധികളടങ്ങുന്ന സംയുക്ത സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു.

(സി) ജല അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഈ സംവിധാനം സഹായകരമായിട്ടുണ്ടോ ;

(ഡി) വിവിധ പദ്ധതി നടത്തിപ്പിലെ കാലതാമസം ഒഴിവാക്കുന്നതിനും അഴിമതി തടയുന്നതിനും മറ്റെന്തൊക്കെ പുതിയ സംവിധാനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) :

(എ) ജലഅതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

- സ്ഥാപനത്തിന്റെ ഘടനാപരമായ ക്രമീകരണത്തിനുള്ള പരിപാടികൾ
- നയങ്ങളിലും നടപടിക്രമങ്ങളിലും മാറ്റങ്ങൾക്കുള്ള നിർദ്ദേശങ്ങൾ
- സാമ്പത്തിക സുസ്ഥിരത
- കാര്യക്ഷമമായ പദ്ധതി നിർവ്വഹണം-ജലനഷ്ടം കുറയ്ക്കൽ, ഊർജ്ജ സംരക്ഷണം, ആസ്തി സംരക്ഷണം, 24 X 7 മണിക്കൂറും കുടിവെള്ള വിതരണം.

LIBRARY ARCHIVES Kerala Legislative Assembly

- പൊതുജനങ്ങൾ അറിയേണ്ട വിവരങ്ങൾ സുതാര്യമായി വെളിപ്പെടുത്തുന്നതിനുള്ള നടപടി
- ഉപഭോക്തൃ സൗഹൃദ സമീപനം
- ജലവിതരണ/സ്വീവേജ് കവറേജ് പദ്ധതി
- ഇ-ഗവേണൻസ്

(ബി) പുനസംഘടന സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി അതോറിറ്റി മാനേജ്മെന്റും ട്രേഡ് യൂണിയൻ പ്രതിനിധികളും കൂട്ടായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ പത്ത് ഉദ്യോഗസ്ഥൻമാരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ചു. അതോറിറ്റിയെ പ്രോജക്ട് ഡിവിഷനെന്നും ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് ഡിവിഷനെന്നും പുന:ക്രമീകരിച്ചു. ബ്ലൂ ബ്രിഗേഡ് എല്ലാ സബ് ഡിവിഷൻ ഓഫീസുകളിലും ഹെൽപ്പ് ഡെസ്കുകൾ, പൗരാവകാശ ഇ-ടെൻഡറിംഗ് എന്നീ നിർദ്ദേശങ്ങൾ നടപ്പാക്കിവരുന്നു. കൂടാതെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ബംഗ്ലൂർ, കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് സെന്റർ, എനർജി മാനേജ്മെന്റ് സെന്റർ തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായത്തോടെ പുന:സംഘടന സംബന്ധിച്ച കൂടുതൽ പഠനങ്ങൾ നടന്നുവരുന്നു.

(സി) ഉണ്ട്. അതോറിറ്റിയെ പ്രോജക്ട് ഡിവിഷനെന്നും ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് ഡിവിഷനെന്നും പുന:ക്രമികരിച്ചു. ബ്ലൂ ബ്രിഗേഡ് സംവിധാനം എല്ലാ ജില്ലാ കേന്ദ്രങ്ങളിലും നടപ്പാക്കി വരുന്നു. എല്ലാ സബ് ഡിവിഷൻ ഓഫീസുകളിലും ഹെൽപ്പ് ഡെസ്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ ഇപ്പോൾ നടന്നുവരുന്ന പുന:സംഘടന സംബന്ധിച്ച പഠനം പൂർത്തിയാകുന്നതോടുകൂടി അതോറിറ്റിയെ ശക്തിപ്പെടുത്തുവാനുള്ള കൂടുതൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പദ്ധതി നടത്തിപ്പിലെ കാലതാമസം ഒഴിവാക്കുന്നതിനായി അതോറിറ്റിയെ പ്രോജക്ട് ഡിവിഷനെന്നും ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് ഡിവിഷനെന്നും പുന:സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ 13 പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ച് പദ്ധതികൾ പൂർത്തിയാക്കിവരുന്നു. ടെൻഡർ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനുവേണ്ടി ഇ-ടെൻഡറിംഗ് സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. കൂടാതെ ടെൻഡറിംഗിലെ കാലതാമസം ഒഴിവാക്കുന്നതിനും ടെൻഡർ നടപടികൾ ലഘൂകരിക്കുന്നതിനുമായി നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ പുന:സംഘടന സംബന്ധിച്ച കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly